റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൌരി) :

(എ) ഒരു കൊല്ലത്തിനകം പൂത്തിയാക്കുമെന്നു പ്രതീക്ഷിക്കാവുന്നതാണു്.

(ബി) ഉവ്വു്. പൂത്തിയായതിനുശേഷം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ കാലതാമസത്തിനുള്ള കാരണമെന്താണു്?

ശ്രീമതി കെ. ആർ. ഗൌരി : കാലതാമസമൊന്നുമില്ല. ഇത്രയും കാലത്തിനിടയ്ക്കു 34,294 കേസ്സുകളുണ്ടായിട്ടുണ്ടു്. അതിൽ 30,449 കേസ്സുകളും ഡിസ്പോസ് ചെയ്തുകഴിഞ്ഞിട്ടുണ്ടു്. ബാക്കി 3,049 കേസ്സുകളും മൂന്നാലു മാസത്തിനകം തീരുകയും ചെയ്യും. അതുകൊണ്ടാണു് ഒരു കൊല്ലത്തിനകം എന്നു പറഞ്ഞതു്.

അംഗീകാരം കിട്ടാനുള്ള ബില്ലുകൾ.

* 1695. [11] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ നിയമസഭ പാസാക്കി കേന്ദ്രാനുമതിക്കായി അയച്ചിട്ടുള്ള എത്ര ബില്ലുകൾക്കു് ഇനിയും അംഗീകാരം കിട്ടാനുണ്ടു്.

(ബി) ഏതെല്ലാം ബില്ലുകൾ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ, ബി) ഒരു ബില്ലു മാത്രം. ജന്മിക്കരം പേമെൻറ അബോളിഷൻ ബിൽ.

ശ്രീ. ടി. എ. തൊമ്മൻ : അഗ്രിക്കൾച്ചറൽ ഡെറ്റ് റിലീഫ് ബിൽ കേന്ദ്രാനുമതിക്കായി അയച്ചിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അതയച്ചു കഴിഞ്ഞിട്ടില്ല. റിപ്പോർട്ടു തയാറാക്കിക്കൊണ്ടിരിക്കുന്നു.

ശ്രീ. ടി. എ. തൊമ്മൻ : അതു ഇനിയും അയയ്ക്കാത്തതുകൊണ്ടു് ജനങ്ങൾക്കു് വളരെ വിഷമമുള്ളതായി ഗവണ്മെൻറ മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ലാ ഡിപ്പാർട്ടുമെൻറിൽ പല ബില്ലുകളുടെ കാര്യം ചെയ്തു തീർക്കേണ്ടതായതുകൊണ്ടാണു് താമസിച്ചതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഫീസ് ആൻഡ് റെൻറ കൺട്രോൾ ബിൽ വളരെ മുമ്പു പിടിച്ചു് പാസാക്കി അയച്ചിട്ടു് അതിനനുമതി ലഭിച്ചോ ?

ശ്രീ. സി. അച്യുതമേനോൻ : കിട്ടിയിട്ടുണ്ടു്.

ജായിൻറ ഫാമിങ് സൊസൈറ്റികൾ.

* 1696. [12] ശ്രീ. എൻ. ഈ. ബലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം രൂപീകരിച്ച ജായിൻറ ഫാമിങ് സൊസൈറ്റികൾക്കു് കടമായും സഹായമായും എത്ര രൂപ ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ടു്;

(ബി) കണ്ണൂർ ജില്ലയിൽപ്പെട്ട പട്ടാന്നൂർ സൊസൈറ്റിക്കു് എത്ര തുകയാണു് മേൽപറഞ്ഞ ഇനത്തിൽ നൽകിയിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യമന്ത്രി : (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഒന്നുംതന്നെ നൽകിയിട്ടില്ല.

(ബി) ഒന്നും നൽകിയിട്ടില്ല.

ശ്രീ. എൻ. ഇ. ബലറാം : എന്തുകൊണ്ടാണ് ഇത സൊസൈറ്റികൾക്ക് കടം കൊടുക്കാത്തത്?

ശ്രീ. സി. അച്യുതമേനോൻ : അതിനുള്ള രൂപരേഖ ഉണ്ടാക്കാത്തതുകൊണ്ടാണ്; മാർച്ച് 17-നാണ് ഇത ഫൈനലൈസ് ചെയ്തത്. അതിനു ശേഷം എല്ലാ സൊസൈറ്റികളിലും നിന്നു വന്നിട്ടുള്ള അപേക്ഷകൾ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ഇ. ബലറാം : അങ്ങനെയെത്ര സൊസൈറ്റികളുണ്ട്?

ശ്രീ. സി. അച്യുതമേനോൻ : 59.

പ്രൈമറി ഹെൽത്ത് സെന്ററുകൾ.

* 1697. [13] ശ്രീ. എൻ. ശിവൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പ്രൈമറി ഹെൽത്ത്സെന്ററുകൾ ഉണ്ട്, എവിടെയെല്ലാം ;

(ബി) ഡിസ്ട്രിക്ട് ഡവലപ്പ്മെന്റ് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണോ ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നത് ;

(സി) എറണാകുളം ഡിസ്ട്രിക്ട് ഡവലപ്പ്മെന്റ് കമ്മിറ്റി വരാപ്പുഴയിൽ ഒരു ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിനു ശുപാർശ ചെയ്തിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി : (ഡാക്ടർ. ഏ. ആർ. മേനോൻ)

(എ) 67. അവയുടെ †ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(ബി) അതേ.

(സി) ഇല്ല.

ശ്രീ. എൻ. ശിവൻ പിള്ള : വരാപ്പുഴയിൽ ഒരു ഹെൽത്ത് സെന്റർ അനുവദിക്കുകയാണെങ്കിൽ അതിനു് ആവശ്യമുള്ള സ്ഥലവും 15,000 രൂപയും ഗവണ്മെന്റിലേക്കു് നൽകുവാൻ തയ്യാറുള്ളതാണെന്നു അവിടത്തെ പഞ്ചായത്തു കമ്മിറ്റി ഗവണ്മെന്റിലേക്കു് അയച്ചിട്ടുള്ള നിവേദനം ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

ഡാക്ടർ ഏ. ആർ. മേനോൻ : ഇപ്പോൾ പറയാൻ സാധിക്കുകയില്ല. ഉണ്ടായിരിക്കാം.

'ദി സ്റ്റേറ്റ് അസ്സിറോഷൻ ഇൻ കേരള' എന്ന ലഘുഗ്രന്ഥം.

* 1698. [14] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ''ദി സ്റ്റേറ്റ് അസ്സിറോഷൻ ഇൻ കേരള'' എന്ന ലഘുഗ്രന്ഥത്തിന്റെ എത്ര പ്രതികൾ അടിച്ചിട്ടുണ്ട് ;

(ബി) അതു് ഡെൽഹിയിലെ ഏതു് പ്രിന്റിംഗ് പ്രസ്സിൽ അച്ചടിപ്പിക്കുവാൻ കാരണമെന്തു് ; അച്ചടിക്കുന്നതിനു് എന്തു് ചെലവായി ;

† Please see Appendix I

LIBRARY ARCHIVES Kerala Legislative Assembly